*Malappuram District Police*

# 18.08.2017 പെരിന്തൽമണ്ണ

നാല് കിലോ കഞ്ചാവുമായി രണ്ട് യുവാക്കളെ പെരിന്തൽമണ്ണയിലെ പ്രത്യേക പോലീസ് അന്വേഷണ സംഘം അറസ്റ്റുചെയ്തു. പാണ്ടിക്കാട് വള്ളുവങ്ങാട് കാരായ കാവുങ്ങൽപറമ്പിൽ മമ്പാടൻ ഇസ്ഹാഖ് (42), കീഴാറ്റൂർ പാറക്കുഴി എരുക്കുന്നത്ത് പ്രദീപ് (കുട്ടൻ- 40) എന്നിവരെയാണ് പൊന്ന്യാകുർശി ബൈപാസിലെ ഓഡിറ്റോറിയത്തിനടുത്തുനിന്നും അറസ്റ്റുചെയ്തത്. ഇവരിൽ നിന്നും നാലു കിലോ കഞ്ചാവും ഇവർ സഞ്ചരിച്ച ഓട്ടോറിക്ഷയും പിടിച്ചെടുത്തു. ഇസ്ഹാഖിന്റെ പേരിൽ മഞ്ചേരിയിൽെ വെച്ച് ആറ് കിലോ കഞ്ചാവ് പിടികൂടിയതിന് കേസ് നിലവിലുണ്ട്. രണ്ടാം പ്രതി മേലാറ്റൂർ, പെരിന്തൽമണ്ണ സ്റ്റേഷനുകളിൽ കഞ്ചാവ് കേസും മേലാറ്റൂർ സ്റ്റേഷനിൽ അമ്പലമോഷണക്കേസിലും പ്രതിയാണ്.

പെരിന്തൽമണ്ണ ഡിവൈഎസ്പി എം.പി മോഹനചന്ദ്രന്റെ നേതൃത്വത്തിൽ സിഐ ടി.എസ് ബിനു, എസ്ഐ വി.കെ കമറുദ്ദീൻ, ടൌൺ ഷാഡോ ടീം അംഗങ്ങളായ സി.പി മുരളി, പി.എൻ മോഹനകൃഷ്ണൻ, എൻ.ടി കൃഷ്ണകുമാർ, അനീഷ് ചാക്കോ, എസ് സുമേഷ്, ദിനേശ് കിഴക്കേക്കര, അനീഷ് പൂളക്കൽ, പി അജീഷ്, പി പ്രമോദ്, ഫൈസൽ, വനിതാ സിപിഒ ജയമണി എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റുചെയ്തതും തുടരന്വേഷണം നടത്തുന്നതും.